

# ശംഖൊലി

ജി.എച്ച്.എസ്
പാപ്പനംകോട്
ഡിജിറ്റൽമാഗസിൻ
2024

# ലിറ്റിൽ കൈറ്റ്സ്

ഒരു ലക്ഷത്തിലധികം വിദ്യാർത്ഥി അംഗങ്ങളുള്ള കൈറ്റിന്റെ അതുല്യമായ സംരംഭമാണ് 'ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ നവോത്ഥാന മിഷന്റെ ഭാഗമായി ആനിമേഷൻ, സൈബർ സെക്യൂരിറ്റി, മലയാളം കംപ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ 5 മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്രപരിശീലനം നൽകിയാണ് ഹൈസ്കൂൾ കുട്ടിക്കൂട്ടം ഘടനാപരമായി നവീകരിച്ചത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് മോഡൽ, അങ്ങനെ 'ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ' ആയി.

ലിറ്റിൽ കൈറ്റ്സ് രാജ്യത്തെ ഏറ്റവും വലിയ വിദ്യാർത്ഥി ഐടി ശൃംഖലയായി മാറാൻ ഒരുങ്ങുകയാണ്. ഇതിനകം കണ്ടെത്തിയ 5 പ്രധാന മേഖലകൾക്ക് പുറമേ, മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ഇ-കൊമേഴ്സ്, ഇ-ഗവേണൻസ്, വീഡിയോ ഡോക്യുമെന്റേഷൻ, വെബ് ടിവി തുടങ്ങിയ കൂടുതൽ വിഷയങ്ങൾ 'ലിറ്റിൽ കൈറ്റ്സ്' പ്രവർത്തനങ്ങളുടെ പോർട്ട്ഫോളിയോയിലേക്ക് ചേർത്തിട്ടുണ്ട്.

# സ്കൂൾ ചരിത്രം

തിരുവനന്തപുരത്തിന്റെ നഗരാതിർത്തിയിൽ തിരുവനന്തപുരം കളിയിക്കാവിള ദേശീയപാതയിൽ കാരയ്ക്കാമണ്ടപത്താണ് ഗവ.ഹൈസ്ക്കൂൾ പാപ്പനംകോട് സ്ഥിതി ചെയ്യുന്നത്.1968 ൽ ഈ സ്കൂൾ സ്ഥാപിച്ചത് പേരൂർക്കോണം സ്വദേശിയായ കേശവൻനാടാരാണ്.

# ഭൗതീകസാഹചര്യങ്ങൾ

ഏറെ പഴക്കംചെന്ന വിദ്യാലയമാണ് പാപ്പനംകോട് ഗവ.എച് എസ്.ഇവിടെ 5 മുതൽ10 വരെ ക്ലാസ്സുകൾ ഉണ്ട്. 5 മുതൽ 10 വരെ ഇംഗ്ളീഷ് മീഡിയവും 5 മുതൽ 10 വരെ മലയാളം മീഡിയവും പ്രവർത്തിക്കുന്നു. പ്രധാനകെട്ടിടത്തിൽ ഓഫീസ്റൂം, സ്റ്റാഫ്റൂം, 2ക്ലാസ്സ്മുറികൾ എന്നിവ പ്രവർത്തിക്കുന്നു. 2മൾട്ടിമീഡിയാറൂം,6 ഹൈടെക്ക് ക്ലാസ്സ്റൂം 6 സ്മാർട്ട് ക്ലാസ്സ്റൂം എന്നിവയുണ്ട്. യുപിവിഭാഗത്തിനും
ഹൈസ്കൂൾവിഭാഗത്തിനുംവെവ്വേറെകമ്പ്യൂട്ടർലാബും സയൻസ് ലാബും പ്രവർത്തിക്കുന്നു. 1റിസോഴ്സ്റൂംമും ഉണ്ട്. ആഡിറ്റോറിയം ഡൈനിംഗ്ഹാൾ അടുക്കള എന്നിവയുണ്ട്. കുടിവെള്ളം, പ്രഭാതഭക്ഷണം ഉച്ചഭക്ഷണം, പാൽ, മുട്ട , സ്കൂൾ ബസ്, തുടങ്ങിയവ ഉണ്ട്.ടോയലറ്റ് സൗകര്യം തുടങ്ങിയവയുണ്ട്.

# GHS PAPPANAMCODE



ഗവ.ഹൈസ്കൂൾ പാപ്പനംകോട്,പാപ്പനംകോട്,ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ.,695019

ESTABLISHED ON :01 - 06 - 1981



# നിനക്കായ്

പ്രഭാതപൂജയ്ക്കു ദീപം തെളിക്കവേ
നിന്നോടക്കുഴൽ രവം കേൾക്കുന്നു ഞാൻ
കാർമുകിൽ വർണ്ണനും മോഹനരൂപം
ഓടിവരുന്നിങ്ങു സുധാധാരയായ്

ഇളകുന്ന പീലിയും മഞ്ഞപട്ടാടയും
ഇന്നെന്റെ സായൂജ്യമായിങ്ങു നിൽപ്പൂ .
മാനസക്ഷേത്രത്തിലെന്നും നിനക്കായി
തൂവുന്നൊരായിരം വരപുഷ്പങ്ങൾ ഞാൻ





- അഭിഷേക്.ബി.ആർ.
10A

# വായനയും അറിവും

ജ്രൂൺ മാസം പതൊൻ**മ്പ**തിന്

വായനാദിനമായിട്ട്ആചരിക്കുന്നു

പി.എൻ പണിക്കരുടെ

**അ**നുസ്മരണം കുഞ്ഞുണ്ണി-

മാഷും, വള്ളത്തോളും മറ്റു

പ്രശസ്ത കവികളും കൊത്തി

വരഞ്ഞൊരു കഥകളേയും

പൊടിതട്ടിയെടു-

ക്കുവാനും മലയാള ഭാഷതൻ

പിതാവായ എഴുത്തച്ഛനേയും

ഒന്ന് **ആദ**രിക്കാൻ കേരളം

ഒരുക്കിയ സുവർണ്ണ നിമഷം

വായിക്കു,വായിച്ച് അറിവൻ

കിരീടം കൈവരിക്ക

പറന്നുയരു വാന

മുട്ടുവോളം

-ആകാശ്.എസ്.ജെ

# മഴവില്ല്



മാനത്തുണ്ടൊരു മഴവില്ല്
ഏഴുനിറത്തിൽ മഴവില്ല്
കാണാൻ എന്തൊരു ചേലാണ്
ഒളിച്ചു കളിക്കും മഴവില്ല്
എന്നും കാണാൻ കഴിയില്ലേ
മഴയുംവെയിലും
ഒന്നിച്ചെത്തുന്ന നേരത്തു
പ്രകൃതി ഭംഗിയാം മഴവില്ലേ
നിന്നെ കാണാൻ ഞാനെത്തും
മറഞ്ഞിരിക്കുന്നതെന്തേ നീ
ഏഴുനിറമുള്ള മഴവില്ലേ
ഞാൻ നിൻ തോഴനല്ലേ .

ആദിത്യൻ.എസ്എം
10A

# വായന

# ജീവിക്കുന്നുവോ?

വായനയുടെ ഗൗരവവും അറിവുനേടുന്നതിന്റെ ആവശ്യകതയും ബോധ്യപ്പെടുത്താനാണ് ഓരോ വർഷവും നാം വായനാദിനം ആചരിക്കുന്നത്.ഗ്രന്ഥശാലാ പ്രസ്ഥാനത്തിലൂടെ വായനയുടെ വളർച്ചയെ പ്രോത്സാഹിപ്പിച്ച പി.എൻ.പണിക്കരുടെ ചരമദിനമായ ജൂൺ 19 മലയാളികൾ വായനാദിനമായി ആചരിക്കുന്നു.

ഈ ദിനാചരണം വളരെ
നല്ലൊരു പ്രവൃത്തിയാണെങ്കിലും
അർഹിക്കുന്ന ഗൗരവത്തിൽ നാം
മലയാളികൾ വായനയെ
സമീപിക്കുന്നുണ്ടോ എന്ന് ഒരു
ആത്മവിചാരണ നടത്തേണ്ട
സമയം കൂടിയാണിത് പല
ഗ്രന്ഥശാലകളിലും പുസ്തകങ്ങൾ
ആരും വായനയ്ക്കെടുക്കാതെ
പൊടി പിടിച്ചു കിടക്കുന്ന
ദയനീയാവസ്ഥ കണ്ടുവരാറുണ്ട്.
വിരളമായി വായനയോട്
താൽപ്പര്യമുള്ള കുറച്ചു പേർ
മാത്രം അതിനു തയ്യാർ
എടുക്കുന്നു .ഈ അവസ്ഥ
ഞാനും നിങ്ങളും
മാറ്റേണ്ടതുണ്ട്.കേരളത്തിൽ

ഉടനീളം സഞ്ചരിച്ച് 'വായിച്ചു വളരുക; ചിന്തിച്ച് വിവേകം നേടുക' എന്ന് കുട്ടികളോട് ആഹ്വാനം ചെയ്ത ആ മഹാമനുഷ്യനോട് നാം ആദരവ് പ്രകടിപ്പിക്കേണ്ടത് ഇപ്രകാരം ആണ് ഈ വായനാദിനത്തിൽ നമുക്ക് അങ്ങനെ പ്രതിജ്ഞ എടുക്കാം. വിദ്യാർത്ഥികൾ എന്ന നിലയിൽ നല്ല പൗരൻമാരായി വളരാൻ ഇത് തീർച്ചയായും നമ്മെ സഹായിക്കും.

-ആദിൽമഹമൂദ്.ഹെച്ച്

# ജലം

കുടിയ്ക്കുവാൻ വേണം ജലം
കുളിക്കുവാൻ വേണം ജലം
നമുക്കലക്കുവാൻ വേണം ജലം
അഴുക്കകറ്റുവാൻ വേണം ജലം

ജലക്ഷാമമിന്നു
നാടാകെ രൂക്ഷം

ക്ഷേമമതിനാ-
ലെത്രയോ കഷ്ടം
അരുതരുത്
ദുരുപയോഗമരുതതിനാൽ
അരുതരുത്
ജല ദുരുപയോഗമരുത്
ജലമമൂല്യമാണ്
അത് അറിയുക ജനതേ
ജലമമൂല്യമാണ്
അത് കരുതുക ജനതേ
ജലമമൂല്യമാണ് അതു

മലിനമാക്കരുത് മാനവാ
അത് മലിനമാക്കരുത് മാനവാ
അത് മലിനമാക്കരുത് മാനവാ

– അൻസിൽ. എ

# ജൂൺ-19

# വായനദിനം

## പ്രസംഗം

അറിവാണ് അമൃത്

എന്നറിയുക നാം.അറിവിൻ
മുന്നിൽ ആരുടെ തലയും

താഴ്ന്നീടുമെന്ന് അറിയുക നാം .
അറിവില്ലാ എന്നാൽ നാം

ഇല്ല.
വായനയില്ലാതെ വളരരുതെ

എന്തെന്നാൽ ,വായനയിലെ
ആനന്ദം  അത് വായിച്ചാലെ

ലഭിക്കുകയുള്ളു
വായനയിലൂടെ
അറിവുള്ളവരായും,തിരിച്ചറിവു
ള്ളവരായി മാറുക നാം.
വായന നൽകുന്ന വാക്കിൽ
ശക്തി വാചാലത
കൊണ്ടറിയുക നാം.
ജ്ഞാനം തന്നെ ജീവിതം,
ലക്ഷ്യം വായന
തന്നെ.വായിച്ച് അറിവുനേടുക
,പിന്നെ വായിച്ചറിവ്
പകർന്നീടുക.
വളരുംതോറും പടരണം
വായന.

വായന പടരും തോറും
ഇരുളുനിറഞ്ഞൊരു
ജീവിതവീഥീയിൽ
വെളിച്ചമേകി

വഴികാണിച്ചു തരും വായന.
ജീവിത വിജയം നേടാനായി
വായന വ്രതമാക്കീടുകനാം
അറിവാണമൃതെന്നറിയുക
നാം വായന വ്രതമാക്കീടുക

നാം.

-അൻസിൽ.എ

# വായനാ ദിന
# കവിത

പുസ്തകമെന്ന ചിപ്പിക്കുള്ളിൽ
വിജ്ഞാനങ്ങൾ പലതാണ്
കഥകൾ കവിതകൾ പാട്ടുകൾ
എല്ലാം അങ്ങനെ പലതരം
അക്ഷര മധുരം നുണയാനായി
പുസ്തക വായന ശീലമാക്കാം
അറിവില്ലേൽ നാമില്ല
അറിവിൽ അഹന്ത പാടില്ലപുസ്തക
വായനശീലിക്കാം
പുസ്തകമെല്ലാം വായിക്കാം

-അൻസിൽ.

# വായനാദിന

# പ്രസംഗം

മാന്യ സദസ്സിനു വന്ദനം:

ബഹുമാനപ്പെട്ട അധ്യാപകരേ;

പ്രിയപ്പെട്ട കൂട്ടുകാരേ.....

ഇന്ന് ജൂൺ 19 വായനാദിനം.

വായനാദിനത്തിന്റെ ആശംസകൾ.

മലയാളികളെ വായനയുടെ ലോകത്തിലേക്ക് കൈപിടിച്ചുയർത്തിയ ശ്രീ.പി. എൻ പണിക്കരുടെ ഓർമ്മ ദിനമാണ് നാം വായന ദിനമായി ആചരിക്കുന്നത്.

അക്ഷരം അറിവാണ്. അറിവ് അഗ്നിയാണ് .ഈ തീ നമ്മുടെ മനസ്സിൽ ഉണ്ടാക്കുന്നത് പുസ്തകങ്ങളാണ്. എന്തിനേക്കുറിച്ചും ഏതിനേക്കുറിച്ചും അറിയാൻ വായന നമ്മെ സഹായിക്കുന്നു. അറിവും ആനന്ദവും വായനയിലൂടെ. മാത്രമേ നമുക്ക് നേടാൻ സാധിക്കു. അതിന് വായന ഒരു ശീലമാക്കുകതന്നെ വേണം.


"വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക" എന്ന സന്ദേശം നൽകി ശ്രീ പി എൻ പണിക്കർ നമ്മിൽ വായനാശീലം വളർത്തി.


"വായിച്ചാലും വളരും... വായിച്ചില്ലേലും വളരും ...വായിച്ചു വളർന്നാൽ

വിളയും..ഇല്ലേൽ വളയും" എന്ന
കുഞ്ഞുണ്ണി മാഷിന്റെ വാക്കുകൾ
വായനയുടെ പ്രാധാന്യം
ഉയർത്തിക്കാട്ടുന്നു. വായന നമ്മെ

ചിന്തിപ്പിക്കുന്നു. സ്വപ്നം കാണാൻ
സഹായിക്കുന്നു. നല്ലൊരു മനസ്സിന്റെ
ഉടമയാകുന്നു. അതുകൊണ്ടുതന്നെ
പുസ്തകങ്ങളെ നമുക്ക് നെഞ്ചോടു
ചേർക്കാം ... വായന ഒരു
ശീലമാക്കാം ... വായിച്ചു വളരാം...
വിളയാം... ഇത്രയും പറഞ്ഞു കൊണ്ട്
ഞാനെന്റെ എളിയ വാക്കുകൾ
ഉപസംഹരിക്കുന്നു.
നന്ദി ... നമസ്കാരം...

-ആദിൽ മഹമൂദ്.ഹെച്ച്


E=mc2


The 12- year old Einstein taught himself Algebra and Geometry over a single Summer and he discovered his Original proof of the Pythagorean theorem .The Famous equation, E=mc2, the General theory of relativity, helped scientists to Understand how the universe Work.

# Albert Einstein's

# Special Theory of Relativity

Einstein said energy and mass are equivalent in his famous equation: $E = mc^2$

E is energy, m is mass and c is the speed of light in a vacuum ($3 \times 10^8$ m/s)

During nuclear reactions, small amounts of mass are converted into energy

To compare, 1 gram of TNT produces 2931 J of energy

When one gram of matter is converted into energy:

$E = (0.001 \text{ kg}) \times (3 \times 10^8 \text{ m/s})^2$ or


E = 90,000,000,000,000 J!

# Albert Einstein's Biography

Albert Einstein was born on 14th march 1879 in Ulm , Germany. He moved to Switzerland in 1895 . He Enrolled in mathematics and physics diploma program At the Swiss federal polytechnic school at the age of 17 and completed his graduation in 1900 .Furthermore, he took Swiss Citizenship in 1901 . The year 1905 was an important year of his life when he published four revolutionary papers .These papers included the theory of photoelectric effect, the Brownian motion, mass - energy equivalence and the special relativity theory. This year, he was also awarded PhD by the University Of Zurich . Einstein served as the president of the German Physical Society from 1916 to 1918 .In 1922, He received the 1921 Nobel Prize in physics for his contribution to Theoretical physics and discovery of the Law of Photoelectric effect . He then visited New York City, and from 1922 to 1932, Einstein was a member of the internation Committee on intellectual exchange among scientist, researchers and intellectuals. In 1933, With the rise of the power Nazis under the German Chancellor Adolf Hitler, the Jews were barred from holding any position in the German Universities, and Einstein's work were targeted by the German Student Union. He could not return to Germany.

# വായനാദിന

# ക്വിസ്



- **എന്നാണ് നാം വായനാദിനം ആചരിക്കുന്നത് ?**

  **ജൂൺ 19**

- **ആരുടെ ഓർമ്മയ്ക്കാണ് ജൂൺ 19 വായനാദിനമായിആചരിക്കുന്നത് ?**

  **പി.എൻ. പണിക്കരുടെ**

- **1945-ൽ തിരുവിതാംകൂർ ഗ്രന്ഥശാല സംഘം രൂപീകരിച്ചതാരാണ് ?**

  **പി.എൻ.പണിക്കർ**

- **കേരളത്തിൽ സംഘടിത ഗ്രന്ഥശാല പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് എന്നാണ് ?**

  **1945 സെപ്പറ്റംബർ 14-ന്**

- **കേരള ഗ്രന്ഥശാല ദിനമായി നാം ആചരിക്കുന്നത്എന്നാണ് ?**

  **സെപ്റ്റംബർ 14**

- കേരളത്തിലെ ആദ്യത്തെ വായനാശാല ഏതാണ് ?_

  ദേശസേവിനി ഗ്രാമീണ വായനശാല
- ആരാചാർ എന്ന നോവൽ രചിച്ചത് ആര് ?

  കെ.ആർ.മീര
- കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് ലഭിച്ച ആറാമത്തെ മലയാളി?

  ഡോ.എം. ലീലാവതി
- കേരള സാഹിത്യ അക്കാദമിയുടെ മുഖപത്രം ?

  സാഹിത്യ ലോകം
- ജൂൺ 19 വായനാ ദിനമായി ആചരിക്കാൻ തുടങ്ങിയത് ഏത് വർഷം മുതലാണ് ?

  1992 മുതൽ
- പി.എൻ. പണിക്കരുടെ ചിത്രം ആലേഖനം ചെയ്ത് സ്റ്റാമ്പ് പുറത്തിറക്കിയത് ഏത് വർഷം ?

  2004 ജൂൺ 19
- പി.എൻ. പണിക്കരുടെ മുഴുവൻ പേര് എന്താണ് ?

  പുതുവായിൽ നാരായണ പണിക്കർ
- എഴുത്തച്ഛൻ സ്മാരകം എവിടെയാണ് ?

  തിരൂർ തുഞ്ചൻ പറമ്പ്
- അൽ അമീൻ പത്രത്തിന്റെ പത്രാധിപർ ആരായിരുന്നു?

  മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്
- പി.എൻ. പണിക്കർ നയിച്ച ഗ്രന്ഥശാല സംഘത്തിന് ലഭിച്ച യൂനസ്കോ അവാർഡ് ഏത് ?

  ക്രൂപ്സ്കായ അവാർഡ്

- ലോകത്തിലെ പ്രാചീന സാഹിത്യം എന്നറിയപ്പെട്ടുന്നത് ?

ഗ്രീക്ക് സാഹിത്യം

- കേരള ഗ്രന്ഥശാല സംഘത്തിന്റെ മുഖപത്രം ഏതാണ്?

ഗ്രന്ഥാ ലോകം

- 'ഇന്ത്യ എന്റെ രാജ്യം എന്റെസ്വന്തം രാജ്യം' എന്ന്  തുടങ്ങുന്നകവിത രചിച്ചത് ആര് ?

ചെമ്മനം ചാക്കോ

മലയാളത്തിലെ ആദ്യ സന്ദേശകാവ്യം ഏതാണ് ?

ഉണ്ണിനീലിസന്ദേശം

- അൻസിൽ.എ

# ആഭരണപ്പൂക്കൾ



**ചുവപ്പുകമ്മൽ :**

ചുവന്ന കല്ലുപിടിപ്പിച്ച കമ്മൽ പോലെ ഭംഗിയുള്ളപൂക്കളാണ് ചുവപ്പു കമ്മൽ ചെടിയുടേത്. ഇതളുകളിൽ നിന്ന ഉയർന്നുനിൽക്കുന്ന കേസരങ്ങൾ ഈ പൂവിന്റെ ഭംഗി കൂട്ടുന്നു.അമേരിക്കയിൽ നിന്ന് മറ്റു സ്ഥലങ്ങളിലേക്ക് എത്തിയ ചുവപ്പുകമ്മൽച്ചെടിക്ക് ബ്ലഡ്ഫ്ലവർ എന്നും പേരുണ്ട് .




**മോതിരക്കണ്ണി :**


തണ്ടുകളിൽ കാണപ്പെടുന്ന മോതിരംപോലെ വളഞ്ഞ കൊളുത്തുകളാണ് മോതിരക്കണ്ണി എന്ന ചെടിക്ക് ആ പേര് കിട്ടാൻ കാരണം .ഈ ചെടിയുടെ ശാഖകളുടെ അറ്റത്ത് പൂങ്കുലകൾ രൂപപ്പെടുന്നു .ഓരോ പൂങ്കുലയിലും മഞ്ഞ നിറത്തിലുള്ള നാലഞ്ച് പൂക്കളുണ്ടാകും.

-വൈശാഖ്.എ.എസ്
10A

# എന്റെ ഗ്രാമം



പച്ചിലകൾകൊണ്ട് നിറഞ്ഞ ഹരിതമനോഹരമാണ്
എന്റെ ഗ്രാമം തണുത്ത ഇളംകാറ്റിന്റെ ഈണത്തിൽ
നൃത്തം വെയ്ക്കുന്ന ചെറു മരങ്ങൾ പുഞ്ചിരിതൂകി
ഗന്ധംപരത്തി വിരിഞ്ഞുല്ലസിക്കുന്ന
വേണുഗാനങ്ങൾ പോലെ മൂളിപാറുന്ന കുഞ്ഞു
കുഞ്ഞു ഷഡ്പദങ്ങൾ പുലരിയിൽ സുന്ദരമാം
ഗാനങ്ങൾ ആലപിക്കുന്ന കുഞ്ഞു പക്ഷികൾ
സ്വന്തം ഈണത്തിൽ താളം തുള്ളി ഒഴുക്കുന്ന
പുഴകൾ പഴയ സൗഹൃദത്തിന്റെ ആഴങ്ങൾ
തിങ്ങിനിൽകുന്ന ആല്മരച്ചുവടുകൾ
ഹരിതമനോഹരിയായി പുഞ്ചിരി തൂകി നിൽക്കുന്ന
എന്റെ ഗ്രാമം.




- നന്ദന.എ.എസ്
10A



# വായനകുറിപ്പ്

## ഇന്ത്യാ ചരിത്രവും പ്രാചീനകാലവും




ഞാൻ വായിച്ചതിൽ വച്ചിട്ടുള്ള ഏറ്റവും മനോഹരമായ പുസ്തകമാണ് ഇന്ത്യാ ചരിത്രവും പ്രാചീനകാലവും എന്ന
റൊമില ഥാപ്പറുടെ പുസ്തകം .ഇന്ത്യൻജനതയുടെ ചരിത്രത്തിനു നിദാനമായ പ്രവണതകൾ,സ്ഥാപനങ്ങൾ എന്നിവയിൽ ഊന്നൽ നൽകികൊണ്ടും പുതിയ ഗവേഷണ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടു എഴുതിയ ഗ്രന്ഥമാണിത്.വിവിധ മതങ്ങളെയും പ്രദേശങ്ങളെയും കൂട്ടിയിണക്കുന്ന ഇന്ത്യൻ സംസ്കാരത്തിന്റെ ഏകത്വത്തിലേക്ക് വിരൽ ചൂണ്ടുന്നതോടൊപ്പം ലോക ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യാചരിത്രത്തെ വിശകലനം ചെയ്യുന്നു .



റൊമില ഥാപ്പർ


പണ്ടത്തെ സമകാലീനപ്രസക്തിയിലുള്ള കഥയാണ് ഇവിടെ പറയുന്നത് . ആധുനിക മനുഷ്യൻ ഇന്ന് എങ്ങനെയെല്ലാം മാറിയെന്നും പറയുന്നു."തീ "എന്ന വജ്രായുധം കണ്ടുപിടിച്ചതും ഈ കഥയിൽ പറയുന്നു.ഈ പുസ്തകം തീർച്ചയായും വായിക്കേണ്ടത് അനിവാര്യമാണ് .അപ്പോൾ നമ്മുക്ക് നമ്മുടെ പൂർവികരുടെ കാര്യങ്ങളെ കുറിച്ച് വ്യക്തമായ അറിവ് ലഭിക്കും .എൻ .സി .ഇ .ആർ .ടി പ്രസിദ്ധീകരിച്ച മൂലഗ്രന്ഥം അഖിലേന്ത്യാ തലത്തിൽ തന്നെ അംഗീകാരം നേടിയതാണ് ലളിതമായ ഭാഷയിൽ എഴുതിയ ഈ പുസ്തകം പ്രാചീന ഭാരത സമൂഹവും സംസ്കാരവും രൂപപ്പെട്ട കഥയുടെ ചുരുൾ നിവർത്തുന്നു .



- ആദിത്യൻ ബി പി

10A

# QUOTES ON EDUCATION





- EDUCATION IS NOT PREPARATION FOR LIFE,EDUCATION IS LIFE ITSELF .

  - JOHN DEWEY

- A PERSONWO WON'T READ HAS NO ADVANTAGE OVER ONE WHO CANT READ.

  - MARK TWAIN

- EDUCATION IS THE ABILITY TO LISTEN TO ALMOST ANYTHING WITHOUT LOSING YOUR TEMPER OR YOUR SELF CONFIDENCE.


  - ROBERT FROST

- EDUCATNG THE MIND WITHOUT EDUCATING IN THE HEART IS NO EDUCATION AT ALL.

  - ARISTOTLE

- **THE MAN WHO READS NOTHING AT ALL IS BETTER EDUCATED THAN THE MAN WHO READS NOTHING BUT NEWS PAPER.**

3 **-THOMAS JEFFERSON**



# കേരളപ്പിറവി ദിനം കവിത



പാടും പുഴകളും തോടും..
മോടി കൂടും മലരണിക്കാടും
പാടും പുഴകളും തോടും..
മോടി കൂടും മലരണിക്കാടും
നീളേ കളകളം പാടും കാടും.
ചോലയുമാവണിമേടും.
നീളേ കളകളം പാടും കാടും.
ചോലയുമാവണിമേടും.
വെള്ളിയരഞ്ഞാണം പോലെ.,
ചുറ്റും തുള്ളിക്കളിക്കും കടലും.
വെള്ളിയരഞ്ഞാണം പോലെ.,
ചുറ്റും തുള്ളിക്കളിക്കും കടലും.
കായലും നീലമലയും നീളേ
കോരിത്തരിക്കും വയലും.

കായലും നീലമലയും നീളേ
കോരിത്തരിക്കും വയലും.
പീലിനിവർത്തിനിന്നാടും
കൊച്ചു കേരമതത്തോപ്പും
പീലിനിവർത്തിനിന്നാടും
കൊച്ചു കേരമതത്തോപ്പും
നീളെ കുളിരൊളി തിങ്ങി എന്റെ-
കേരളമെന്തൊരു ഭംഗി...

- ദീപിക.ഡി.ജി
6A



## ***മാഗസിൻ എഡിറ്റർ:***



**ആകാശ്.എസ്.ജെ**

**അൻസിൽ.എ**

## ***എഡിറ്റോറിയൽ ബോർഡ്അംഗങ്ങൾ:***



**അൻസിൽ.എ**

**ആദിൽ മഹമൂദ്.ഹെച്ച്**

**ആകാശ്.എസ്.ജെ**

LITTLE KITE COMPLETE SCHOOL MAGAZINE

2023-2024

# ശംഖൊലി



# Thank You

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

GHS PAPPANAMCODE



A Digital Magazine from Govt.H S Pappanamcode